# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 6228

09.07.2013-ലെ മറുപടിക്ക്

### വനിതാ ജയിലുകളിലെ തടവുകാർ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വനിതാ ജയിലുകളിൽ എത്ര തടവുകാരുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | എ) | 141.<br>തിരുവനന്തപുരം - 87<br>തൃശ്ശൂർ - 35<br>കണ്ണൂർ - 19 |
| ബി) ഇതിൽ അന്യസംസ്ഥാന തടവുകാരും വിദേശ വനിതകളുമുണ്ടോ; വിശദവിവരങ്ങളും കണക്കും ലഭ്യമാക്കുമോ; | ബി) | അന്യസംസ്ഥാന തടവുകാർ 17 പേരും വിദേശ വനിതകൾ 2 പേരും. |
| സി) സ്ത്രീ തടവുകാരുടെ കുഞ്ഞുങ്ങൾ ഇവരോടൊപ്പം ജയിലുകളിൽ പാർക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | സി) | സ്ത്രീ തടവുകാരുടെ 8 കുഞ്ഞുങ്ങൾ ഇവരോടൊപ്പം ജയിലുകളിൽ കഴിയുന്നുണ്ട്. കണ്ണൂർ വനിതാജയിലിൽ 2 പേരും വിയ്യൂർ, തിരുവനന്തപുരം വനിതാ ജയിലുകളിൽ 3 പേർ വീതവുമാണ് കഴിഞ്ഞുവരുന്നത്. 8 കുട്ടികളും റിമാന്റ് തടവുകാരായ സ്ത്രീകളുടെ കുട്ടികളാണ്. |
| ഡി) സ്ത്രീ തടവുകാരുടെ പുനരധിവാസത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | സ്ത്രീ തടവുകാരുൾപ്പടെയുള്ള തടവുകാരുടെ പുനരധിവാസത്തിന് സാമൂഹ്യക്ഷേമ വകുപ്പ് വഴി അർഹരായവർക്ക് ധനസഹായം നൽകുന്ന പദ്ധതിയുണ്ട്. ശിക്ഷിക്കപ്പെട്ട സ്ത്രീ തടവുകാരുടെ ജയിൽ മോചനത്തിനുശേഷം സമൂഹത്തിൽ |

അവരെ പുനരധിവസിപ്പിക്കുന്നതിന് ശിക്ഷാകാലയളവിൽ തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി തയ്യൽ പരിശീലനം, കമ്പ്യൂട്ടർ പരിശീലനം, സോപ്പ് നിർമ്മാണം, ഫാൻസി ആഭരണ നിർമ്മാണം, എംബ്രോയ്ഡറി പരിശീലനം, വിവിധ കൃഷി തുടങ്ങിയ തൊഴിലുകളിലാണ് പരിശീലനം നൽകിവരുന്നത്. ഇപ്രകാരം നൽകുന്ന തൊഴിൽ പരിശീലനം തടവുകാർക്ക് ശിക്ഷ കഴിഞ്ഞ് പുറത്തുപോകുമ്പോൾ തൊഴിൽ കണ്ടെത്തുന്നതിനും അതുവഴി ലഭിക്കുന്ന വരുമാനംകൊണ്ട് സ്വയംപര്യാപ്തത നേടുന്നതിനും സഹായകമാണ്.

സെക്ഷൻ ഓഫീസർ